**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** — **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ അച്ചടി വകുപ്പിൽ ആധുനികവത്ക്കരണത്തിനായി മെഷീനുകൾ വാങ്ങുന്നതിനായി, ബഡ്ജറ്റ് വിഹിതമായി 6,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അച്ചടി വകുപ്പിൽ 2 സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ, 2 സെക്ഷൻ സ്വീയിംഗ് മെഷീനുകൾ എന്നിവ 4.40 കോടി രൂപ ചെലവഴിച്ച് വാങ്ങുന്നതിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചുവടെ പരാമർശിച്ചിട്ടുള്ള മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) Perfect Binding Machine 2) 4 Color Digital Printer 3) Printing Down Frame 4) Heavy Duty Stitching Machine 5)Automatic Sewing Machine 6) Eyelet Machine 7) Wiro Binding Machine 8) Single Color Sheetfed Machine. അച്ചടി വകുപ്പിനു കീഴിലുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പുതുതായി ഒരു മൾട്ടികളർ വെബ് ഓഫ്സെറ്റ് മെഷീൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ എക്സ്ട്രാ ഓർഡിനറി ഗസറ്റുകൾ, കേരള ഗസ്റ്റ് എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെപ്രസിദ്ധീകരിച്ചുവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സുരക്ഷാ സംവിധാനങ്ങളോടെയുള്ള OMR ഉത്തരക്കടലാസുകളുടെ അച്ചടി, അച്ചടി വകുപ്പിൽ നിർവ്വഹിച്ചുവരുന്നു. 2021 നവംബർ 1 മുതൽ അച്ചടി വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ അച്ചടി വകുപ്പിലെ സർക്കാർ പ്രസ്സുകളുടെ കെട്ടിടങ്ങളുടെ നവീകരണത്തിനായി 4058-00-103-99 (P) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അച്ചടി വകുപ്പിന് കീഴിലുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ റൂഫിംഗ് ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും ഷൊർണ്ണൂർ ഗവ. പ്രസ്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷത്തെ 4058-00-103-99- കെട്ടിടങ്ങൾ (P) ശീർഷകത്തിൽ നിന്നും 60 ലക്ഷം രൂപയും ചെലവഴിക്കുന്നതിനു തത്വത്തിൽ (in principle) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കേരള പി.എസ്.സി.യുടെ ഒ.എം.ആർ. ഷീറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് ഒ.എം.ആർ. സെക്ഷന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ 7,40,000/- രൂപ ചെലവഴിച്ച് നടപ്പിലാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണ ത്തിനായി ആവശ്യമായ മെഷീനുകളുടെ വാങ്ങൽ, സർക്കാർ പ്രസ്സുകളുടെ നവീകരണം എന്നിവ തനതു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനു വിധേയമായി ഓരോ സാമ്പത്തിക വർഷത്തിലും ഏറ്റെടുത്തുനടപ്പാക്കിവരുന്നു. ആധുനികവത്ക്കരണത്തി നായി കിഫ്ബി മുഖാന്തിരം ലഭ്യമാകുന്ന 100 കോടി രൂപ അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണ പ്രവർത്തികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ M/s Wapcos സമർപ്പിച്ച ഡി.പി.ആർ. (D.P.R) കിഫ്ബി (KIIFB)യുടെ സജീവ പരിഗണനയിലാണ്. |
| (ബി) | തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അത്യാവശ്യമായ നാല്-കളർ ഷീറ്റ് ഫെഡ് [Fed] ഓഫ് സെറ്റ് മെഷീൻ വാങ്ങിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയും; വിശദമാക്കാമോ? | (ബി) | അച്ചടി വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലേയ്ക്ക് ഒരു A1 Four Color Sheetfed Offset മെഷീൻ 5.35 കോടി രൂപയ്ക്ക വാങ്ങുന്നതിനായി ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ ക്ഷണിക്കുകയും, ലഭ്യമായ ടെൻഡറുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മെഷീൻ വാങ്ങുന്നതിലേയ്ക്കായി ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി (D.P.C) ചേരുകയും ചെയ്തു. പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി ടെൻഡർ നടപടികളിലെ അപാകതകൾ പരിഹരിച്ച്, റീ ടെൻഡർ ക്ഷണിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, റീ-ടെൻഡർ ക്ഷണിച്ച പ്രസ്തുത മെഷീന്റെ സ്പെസിഫിക്കേഷൻസ് മേലുള്ള External Expertന്റെ അഭിപ്രായത്തോട് ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി ചേരുന്നതിനുള്ള പുതുക്കിയ നിർദ്ദേശം ലഭ്യമാക്കുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ